നം.എസ്.പി.(2) 42544/13

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 07.01.2014

## സർക്കുലർ

വിഷയം :- **പൊതുവിദ്യാഭ്യാസം - യൂണിഫോം - 2013-14 വർഷത്തെ സൗജന്യ യൂണിഫോം വിതരണം സംബന്ധിച്ച്.**

സൂചന :- ഈ ഓഫീസിലെ മേൽ നമ്പരോടുകൂടിയ 05/12/2013, 13/12/2013 തീയതികളിലെ സർക്കുലറുകൾ.

മേൽസൂചനപ്രകാരം ഒരു കുട്ടിയ്ക്ക് 2 ജോടി യൂണിഫോം വാങ്ങുവാനായി 400 രൂപാവീതം അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു. എല്ലാ ക്ലാസിലേക്കും ആവശ്യമായിവരുന്ന ഷർട്ടിംഗ്, സൂട്ടിംഗ്, ദുപ്പട്ട എന്നിവയുടെ മൊത്തം അളവ് കണക്കാക്കി 05/12/2013 സർക്കുലറിനോടനുബന്ധിച്ച അനുബന്ധം 2 ലെ ഫോർമാറ്റിൽ നൽകിയിട്ടുള്ള സ്പ്രെഡ്ഷീറ്റിൽ നൽകേണ്ടതാണെന്നും മൊത്തം കുട്ടികളുടെ എണ്ണം, ഷർട്ടിംഗ്, സൂട്ടിംഗ്, ദുപ്പട്ട എന്നിവക്കാവശ്യമായ മൊത്തം തുണിയുടെ അളവ് ഗവൺമെന്റ് സ്കൂളുകൾ ബി.ആർ.സി കോർഡിനേറ്ററേയും എയ്ഡഡ് സ്കൂളുകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറേയും 2013 ഡിസംബർ 20നുമുമ്പ് അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ ചില സ്കൂളുകൾ ഇതേവരെ മേൽ പ്രതിപാദിച്ച സപ്ലൈ ഓർഡർ നൽകുകയോ, ടി വിവരങ്ങൾ ബന്ധപ്പെട്ട എ.ഇ.ഒ-മാരെ അറിയിക്കുകയോ ചെയ്തിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാമ്പത്തികവർഷംതന്നെ കേന്ദ്ര ഗവൺമെന്റ് എസ്.എസ്.എ വഴി അനുവദിക്കുന്ന ഫണ്ടും സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടും ചെലവഴിക്കേണ്ടതിനാൽ ഇക്കാര്യത്തിൽ ഇനി കാലതാമസം അനുവദിക്കുന്നതല്ല. ആയതിനാൽ 2014 ജനുവരി 17നുമുമ്പ് എല്ലാ സ്കൂൾ പ്രധാനാധ്യാപകരും സപ്ലൈ ഓർഡർ നൽകിയ തുണിയുടെ അളവും കുട്ടികളുടെ എണ്ണവും സപ്ലൈ ഓർഡറിന്റെ കോപ്പി സഹിതം എ.ഇ.ഒ/ ബി.പി.ഒ-ക്ക് ജനുവരി 17നുമുമ്പ് സമർപ്പിച്ചിരിക്കണം. പ്രസ്തുത തീയതിക്കുമുമ്പ് യൂണിഫോം വാങ്ങാൻ നടപടി എടുക്കാതിരിക്കുന്ന സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതല്ല.

ഇക്കാരണങ്ങളാൽ ഏതെങ്കിലും സ്കൂളിലെ കുട്ടികൾക്ക് യൂണിഫോം മെറ്റീരിയൽ കിട്ടാതെ വരുന്ന സാഹചര്യം സംജാതമാവുകയാണെങ്കിൽ ടി സ്കൂളിലെ പ്രധാനാധ്യാപകൻ മാത്രമായിരിക്കും ഉത്തരവാദികളെന്നും ഇതിനാൽ അറിയിക്കുന്നു.

അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ
(അക്കാഡമിക്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഗവൺമെന്റ്/എയ്ഡഡ്)**

<u>പകർപ്പ്</u>

1. എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ-മാർക്കും
2. എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും
3. ഐ.ടി@സ്കൂൾ പ്രോജക്ട്